Circular No: 161
**Renewal of Parish Council & Pastoral Council**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 9 -01 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ദൈവജനത്തിന്റെ സജീവ പങ്കാളിത്തം നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകുവാൻ സഹായിക്കുന്ന സഭാസംവിധാനങ്ങളാണ് അതിരൂപതാതലത്തിൽ പാസ്റ്ററൽ കൗൺസിലും ഇടവകതലത്തിൽ പാരിഷ് കൗൺസിലും. ദൈവജനമാണ് സഭയെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം പൂർണ്ണമായ അർത്ഥത്തിൽ ഈ സമിതികളിലൂടെ നമ്മുടെ അതിരൂപതയിൽ പ്രകാശിതമാകുന്നതിൽ ദൈവത്തിന് നന്ദി പറയാം.

നമ്മുടെ അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ഈ സമിതികളുടെ സേവന കാലാവധി മൂന്നു വർഷമാണല്ലോ. ദൈവാനുഗ്രഹപ്രദമാംവിധം മൂന്നു വർഷത്തെ തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന പാസ്റ്ററൽ കൗൺസിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നതിനോടൊപ്പം അവർ നൽകിയ ധന്യമായ സേവനങ്ങൾക്ക് ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇടവകസമൂഹത്തിന്റെ എല്ലാ പ്രവർത്തന മേഖലകളിലും ദൈവജനത്തിന്റെ സജീവമായ പങ്കുചേരൽ ഉറപ്പാക്കുന്നതിൽ പാരിഷ് കൗൺസിലിനുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സഭയുടെ പള്ളിയോഗ നടപടിക്രമത്തിൽ പറയുന്നതുപോലെ ഇടവക സമൂഹത്തിന്റെ മുഴുവൻ പ്രാതിനിധ്യ സ്വഭാവം പാരിഷ് കൗൺസിലിനുണ്ട്. ആകയാൽ ഇടവകയിൽ പ്രവർത്തിക്കുന്ന കൂടാരയോഗങ്ങളുടെ ഓരോ വാർഡിൽനിന്നും ഒരാളെ പാരിഷ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കേണ്ടതാണ്. അംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ പള്ളിയോഗ നടപടിക്രമങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ബഹുമാനപ്പെട്ട വികാരിമാർ ഉറപ്പുവരുത്തേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമസംഗ്രഹം പേജ് 110 – 113 ൽ പ്രതിനിധിയോഗം Nos. 9-12).

സഭയിലും സമൂഹത്തിലും സ്ത്രീകൾക്കുള്ള പ്രാധാന്യത്തെ ആദരവോടെ കാണുന്ന സഭ സ്ത്രീകൾക്ക് സഭാസംവിധാനങ്ങളിൽ പുരുഷന്മാർക്കൊപ്പം സ്ഥാനം നൽകണമെന്ന് ആഗ്രഹിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പാരിഷ് കൗൺസിൽ അംഗങ്ങളിൽ 33% എങ്കിലും സ്ത്രീകൾ ആയിരിക്കുവാൻ ബഹുമാനപ്പെട്ട വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെയും ഇടവകയിലെ വിവിധ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്നവരെയും ഉൾപ്പെടുത്തിയ ലിസ്റ്റ് 2015 മെയ് 15ന് മുമ്പായി കൂരിയായിൽ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് ബഹു. വികാരിമാരെ അറിയിക്കുന്നു. ഇപ്രകാരം അതിരൂപതാധ്യക്ഷനാൽ നിയമിക്കപ്പെടുന്ന പാരിഷ്കൗൺസിൽ അംഗങ്ങൾ ദൈവജനത്തിന്റെ സ്പന്ദനങ്ങൾ അറിഞ്ഞ് പ്രവർത്തിക്കുവാൻ കടപ്പെട്ടവരാണ്.

അതിരൂപതയിലെ വിവിധ അജപാലനകമ്മീഷനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം. ഈ പ്രവർത്തനങ്ങളുടെ ഫലങ്ങൾ ഇടവകതലത്തിൽ വേണ്ട വിധം ലഭ്യമാകുന്നുവെന്നുറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഓരോ ഇടവകയിലും ഓരോ പാരിഷ് കൗൺസിൽ അംഗത്തിന് ഓരോ കമ്മീഷന്റെ ചുമതല നൽകണമെന്ന് 2010 ഒക്ടോബർ 14-ാം തീയതി ഞാൻ നൽകിയ 90-ാം നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പാരിഷ് കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനു മുമ്പായി കൂടാരയോഗങ്ങളിൽ ബഹു. വികാരിമാർ വായിച്ച് വിശദീകരിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

അതിരൂപതാധ്യക്ഷന് തന്റെ സേവനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി നിർവ്വഹിക്കുവാൻ അതിരൂപതാംഗങ്ങളുടെ വ്യക്തിപരവും സംഘാതപരവുമായ സഹകരണം ആവശ്യമാണ്. ഇതിനായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി അതിരൂപതയിലെ വൈദികർ സന്യാസിനി സന്യാസികൾ, അൽമായർ എന്നിവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സ്ഥിരം സമിതിയാണ് നമ്മുടെ അതിരൂപതാ പാസ്റ്റ

റൽ കൗൺസിൽ. അതിരൂപതയിലെ അജപാലന പ്രവർത്തനം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി പഠിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗിക നിഗമനങ്ങൾ സമർപ്പിക്കുന്നതിനുമുള്ള ആലോചനാസമിതിയാണ് (Consultative Body) പാസ്റ്ററൽ കൗൺസിൽ (CCEO nn. 272 - 275).

ദൈവജനത്തിന്റെ മുഴുവൻ ആശയങ്ങളും ആഗ്രഹങ്ങളും അതിരൂപതാതലത്തിൽ അറിയുന്നതിനും ചർച്ച ചെയ്യുന്നതിനും അതിന്റെ വെളിച്ചത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ അതിരൂപതാധ്യക്ഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള സമിതിയായ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അതിരൂപതയ്ക്ക് മുഴുവനും വേണ്ടിയുള്ള ശുശ്രൂഷയ്ക്കായി തങ്ങളുടെ സമയവും അദ്ധ്വാനവും കഴിവും മാറ്റിവയ്ക്കുവാൻ സന്മനസ്സുള്ളവരുമായിരിക്കണം.

പാസ്റ്ററൽ കൗൺസിലിലേയ്ക്ക് ഓരോ ഫൊറോനയിൽ നിന്നും രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളെയുമാണ് തെരഞ്ഞെടുക്കേണ്ടത്. അതിനായി ഓരോ ഇടവകയിൽ നിന്നും ഇരുപതോ അതിൽ താഴെയോ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും രണ്ടുപേരെയും ഇരുപതിൽ കൂടുതൽ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും മൂന്ന് പേരെയും തെരഞ്ഞെടുക്കണം. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധികളിൽ ഒരു വനിത എങ്കിലും ഉണ്ടായിരിക്കണം. ഇടവകയിൽ നിന്നും മേൽപ്രസ്താവിച്ച അനുപാതത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ജൂൺ 20 ന് മുമ്പായി ബഹു. ഫൊറോന വികാരി വിളിച്ചുചേർത്ത് അതിൽ നിന്ന് രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളേയും പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനപ്രതിനിധികളായി തെരഞ്ഞെടുത്ത് അവരുടെ പേരുവിവരങ്ങൾ ജൂൺ 25ന് മുമ്പായി കൂരിയായിൽ കിട്ടത്തക്ക വിധത്തിൽ ഫൊറോനാവികാരി അയച്ചുതരികയും വേണം. പുതിയതായി രൂപം കൊള്ളുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമസമ്മേളനം ജൂലായ് 11-ാം തീയതി ശനിയാഴ്ച 10.30ന് ചൈതന്യാ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിക്കുന്നതിനും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും, വിവേകത്തോടെയും പ്രകടിപ്പിക്കുന്നതിന് കഴിവും സന്നദ്ധതയും ഉള്ള നേതാക്കളെ തെരഞ്ഞെടുക്കുന്നതിൽ ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിഭാഗീയചിന്തകൾക്കോ കക്ഷിതാൽപര്യങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്. കത്തോലിക്കാ സഭയുടെ വിശ്വാസവും ധാർമ്മിക പ്രബോധനങ്ങളും പാലിക്കുന്നവരും പഠിപ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വര പ്രത്യയശാസ്ത്രങ്ങൾ വച്ചുപുലർത്തുന്നവരും, അവയോട് ബന്ധം പുലർത്തുന്നവരും, വിശ്വാസവിരുദ്ധ ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും, മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചന സമിതികളിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ്.

ദൈവജനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി തങ്ങളെതന്നെ സമർപ്പിക്കുവാൻ സന്നദ്ധതയും ത്യാഗമനോഭാവവുമുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിലൂടെ ഈ സമിതികളുടെ പ്രവർത്തനം ഏറ്റം ഫലദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

2010 ഒക്ടോബർ 14ലെ 90-ാം നമ്പർ സർക്കുലറിന്റെ കോപ്പി ഇതോടൊപ്പം റഫറൻസിനായി അയക്കുന്നു.